# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 112 08-02-2016-ൽ മറുപടിയ്ക്ക്

## കാരുണ്യ ചികിത്സാ പദ്ധതി

| | ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ലോട്ടറി വിൽപനയിലൂടെ ഇതുവരെ എന്ത് തുക സമാഹരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളുടെ ചെലവുകൾ കഴിച്ചുള്ള അറ്റാദായമാണ് കാരുണ്യ ചികിത്സാ സഹായ പദ്ധതിയ്ക്കായി വിനിയോഗിക്കുന്നത്. കാരുണ്യ ലോട്ടറിയുടെ അറ്റാദായം 546.30 കോടി രൂപയും, കാരുണ്യ പ്ലസ് ലോട്ടറിയുടെ അറ്റാദായം 250.37 കോടി രൂപയുമാണ്. |
| (ബി) | കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ നിർദ്ധനരായ രോഗികൾക്ക് എന്ത് തുക വിതരണം ചെയ്തിട്ടുണ്ട്. | (ബി) | നാളിതുവരെ കാരുണ്യ ചികിത്സാ പദ്ധതിപ്രകാരം 698.59 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ടു കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ-സ്വകാര്യ ആശുപത്രികൾക്ക് എന്ത് തുക വീതം കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ സർക്കാർ ആശുപത്രികളിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ കുടിശ്ശികയായി നൽകാനുള്ള തുക എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ.<br>സ്വകാര്യ ആശുപത്രികൾക്ക് 24.51 കോടി രൂപ കുടിശ്ശികയായി കൊടുത്തു തീർക്കാനുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | യഥാസമയം ചികിത്സാ തുക ലഭിക്കാത്തതുമൂലം എത്ര സ്വകാര്യ ആശുപത്രികൾ ഈ പദ്ധതിയിൽ നിന്നും ഇതുവരെ പിൻമാറിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | യഥാസമയം ചികിത്സാ തുക ലഭിക്കാത്തതുമൂലം നാളിതുവരെ ഒരു സ്വകാര്യ ആശുപത്രിയും പദ്ധതിയിൽ നിന്നും പിന്മാറിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**